# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3439 14.03.2017- ൽ മറുപടിക്ക്**

**"സ്വകാര്യ നിക്ഷേപം''**

**ചോദ്യം**

**ശ്രീ.കെ.സി.ജോസഫ്**
**,, വി.ടി.ബൽറാം**
**,, അനൂപ് ജേക്കബ്**
**,, അടൂർ പ്രകാശ്**

**ഉത്തരം**

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപത്തിന്റെ വരവ് വേഗത്തിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അനുയോജ്യമായ അന്തരീക്ഷം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴിയും സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ ഡി ക്ലബ്ബുകൾ) വഴിയും സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. വിപണന പ്രോത്സാഹനാർത്ഥം ജില്ലാ സംസ്ഥാന തലങ്ങളിൽ വിവിധ പ്രവർത്തന മേളകൾ സംഘടിപ്പിക്കുന്നുമുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത മേഖലയെ ദോഷകരമായി ബാധിയ്ക്കുന്ന നോക്കുകൂലിപോലുള്ള കാര്യങ്ങൾ അവസാനിപ്പിക്കുന്നതിനും ആയതു വാങ്ങുന്നവരെ ശിക്ഷിക്കുന്നതിനും കർശന നടപടി സ്വീകരിക്കുമോ; | ബി) | ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-42-555-214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. കൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അനർഹമായി കൂലി വാങ്ങിയിട്ടുണ്ടെങ്കിൽ തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും, ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുകയും ചെയ്തു വരുന്നു. തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്തു എന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| സി) | സ്വകാര്യ നിക്ഷേപം വേഗത്തിലാക്കുവാൻ, ബഡ്ജറ്റ് വിഹിതത്തിന് പുറമേ സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച്, അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് വികസിപ്പിച്ചതെന്നും, ഇതിനായി ഇതുവരെ എന്ത് തുക മുടക്കിയെന്നും അറിയിക്കുമോ; വിശദമാക്കുമോ? | സി) | സ്വകാര്യ നിക്ഷേപം വേഗത്തിലാക്കുവാൻ, ബഡ്ജറ്റ് വിഹിതത്തിന് പുറമേ സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് റോഡുകൾ, മതിലുകൾ വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതിനായി കെ.എസ്.ഐ.ഡി.സി മുഖേന ഇതുവരെ ആകെ 48.52 കോടി രൂപ ചെലവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**